


THURSDAY 24/04/2025 വ്യാഴാഴ്ച


# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/04/2025

1. മുവാറ്റുപുഴ കാർഷികോത്സവ് മെയ് രണ്ടുമുതൽ 12 വരെ ഇ ഇ സി മാർക്കറ്റിൽ നടത്തുമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസി ഡന്റ് കെ ജി രാധാകൃഷ്ണൻ അറിയിച്ചു. ഏപ്രിൽ 21 മുതൽ 30 വരെ ഇ ഇ സി മാർക്കറ്റ് ഗ്രൗണ്ടിൽ നടത്താൻ നിശ്ചയിച്ചിരുന്ന മേളയാണ് മൂവാറ്റുപുഴ പട്ടണത്തിൽ റോഡ് നിർമാണം നടക്കുന്നതിനാൽ ഗതാഗതനിയന്ത്രണംമൂലം മാറ്റിവച്ചത്. കാർഷികോത്സവിൻ്റെ മുൻകൂർ ടിക്കറ്റുകൾ 30 വരെ വിതരണം ചെയ്യും.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ് & മാനേജ്മെൻ്റിൽ നടത്തിവരുന്ന എം.ബി.എ (എ.ബി.എം) പ്രോഗ്രാമിലേക്ക് 2025-26 അധ്യയന വർഷത്തെ അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള സമയ പരിധി 31.05.2025 തീയ്യതി വരെ ദീർഘിപ്പിച്ചിരിയ്ക്കുന്നു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനും www.admissions.kau.in. എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പരിശീലന പരിപാടി

3. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്കുവേണ്ടി 'കറവപ്പശു പരിപാലനം, വേനൽക്കാല പരിചരണവും ഇൻഷുറൻസ് പരിരക്ഷയും'എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. 2025 ഏപ്രിൽ 26 ശനിയാഴ്ച രാവിലെ 11 മണിക്ക് ഗൂഗിൾ മീറ്റ് വഴിയാണ് പരിശീലനം. പരിശീലനത്തിന്

പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **2025 മെയ് 15** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവര് **മെയ്** 14 നകം ഈ കോഴ്സിൽ രജിസ്റ്റര് ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ്.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി കമ്പ്യൂട്ടര്റോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കില് സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റര് ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങള് മേല് പറഞ്ഞ ലിങ്കില് ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് **മെയ് 15** മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസര് ഐ ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം.

5. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (ഏപ്രിൽ 24, 25 തീയതികളിൽ) ചക്കയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്ന വിഷയത്തിൽ 2 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഇടി ചക്ക, പച്ച ചക്ക, പഴുത്ത ചക്ക, ചക്കക്കുരു എന്നിവയിൽ നിന്നുള്ള വിപണന സാധ്യതയുള്ള ഉത്പന്നങ്ങൾ ആണ്

പരിശീലിപ്പിക്കുന്നത്. താല്പര്യമുള്ളവർ മുൻകൂട്ടി വിളിച്ചു രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0479-2449268, 0479-2959268, 9447790268.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) 2025 ഏപ്രിൽ 28 മുതൽ മെയ് 01 വരെയുള്ള തീയതികളിൽ അന്യസംസ്ഥാന തൊഴിലാളികൾക്കായി റബ്ബർടാപ്പിങ് പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം ഹിന്ദി ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ: **training@rubberboard.org.in**

**7. കാർഷിക നിർദേശം**

വാഴ - വാഴച്ചുവട്കരിയിലയോ മറ്റും ജൈവവസ്തുക്കളോ, വിള അവശിഷ്ടങ്ങളോ ഉപയോഗിച്ച് പുതയിടുക. കണികജലസേചന രീതി (12 ലിറ്റർ / ഒരു ദിവസം/ വാഴയൊന്നിന്) അവലംബിക്കുക വരൾച്ച പ്രതിരോധിക്കാൻ വാഴയിലകളിൽസൾഫേറ്റ്ഓഫ് പൊട്ടാഷ് ( 5 ഗ്രാം ഒരു ലിറ്റർവെള്ളത്തിൽ) രണ്ടാഴ്ചഇടവേളകളിൽതളിച്ചുകൊടുക്കാവുന്നതാണ്. വേനൽക്കാലത്തു വാഴയിലയിൽ ഇലപ്പേനിന്റേയും മണ്ഡരിയുടേയും ആക്രമണത്തിനു സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഇലയുടെ അടിവശത്ത് വീഴത്തക്ക രീതിയിൽ ഹോർട്ടിക്കൾച്ചർ മിനറൽ ഓയിൽ 25 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിയ്ക്കാം. വെറ്റബിൾ സൾഫർ 2 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ കലക്കി തളിയ്ക്കുന്നതും മണ്ഡരിക്കെതിരെ ഫലപ്രദമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം